<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5440</u> <u>12-08-2021 - ൽ മറുപടിയ്ക്ക്</u>

## <u>കണക്ടിവിറ്റി മെച്ചപ്പെടുത്താൻ കെ-ഫോൺ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ കണക്ടിവിറ്റി തകരാർ കാരണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.എസ്.എൻ.എൽ, KSWAN എന്നീ കണക്ഷനുകൾ മുഖേനയാണ് വകുപ്പിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. പ്രസ്തുത കണക്ഷനുകളിലുണ്ടാകുന്ന തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കണക്ടിവിറ്റി തകരാർ മൂലം സേവനം തടസ്സപ്പെടുന്നത് ഒഴിവാക്കാനായി ഓഫീസുകളെ കെ-ഫോൺ മുഖേന ബന്ധിപ്പിക്കുന്നതിന് മുൻഗണന നൽകുമോ; | (ബി) | അപ്രകാരമുള്ള നിർദ്ദേശം പരിഗണനയിലില്ല. |
| (സി) | രജിസ്ട്രേഷൻ വകുപ്പ് ഏതൊക്കെ സേവനങ്ങളാണ് ഇപ്പോൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നത്; | (സി) | 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം. 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം. 3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ ത്വരിതപ്പെടുത്തൽ. 4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം. 5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം. 6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനുള്ള സംവിധാനം. 7. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം. |
| (ഡി) | ഡിജിറ്റൈസ് ചെയ്ത ആധാര പകർപ്പുകൾക്കായി അപേക്ഷിക്കുന്നവർക്ക് ആയത് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷകർക്ക് ആധാര പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ